**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1185** **10-08-2023 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ പുനർഗേഹം പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കളെയാണ് പുനരധിവസിപ്പിക്കേണ്ടത്; ആയതിൽ എത്രപേർക്ക് ഭൂമി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്; | (എ) | കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ 6 മത്സ്യഗ്രാമങ്ങളിലായി വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന 572 കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടതുണ്ട്. ആയതിൽ 60 കുടുംബങ്ങൾ മാത്രമാണ് മാറി താമസിക്കാൻ സന്നദ്ധരായിട്ടുള്ളത്. മാറി താമസിക്കുവാൻ തയ്യാറായവരിൽ 18 കുടുംബങ്ങളുടെ ഭൂമി രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കിയിട്ടുണ്ട്. 2 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമി ഇന്റർ ഡിപ്പാർട്ട്മെന്റ് ടീം (Inter Department Team- IDT) പരിശോധനക്ക് ശേഷം വില നിർണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പുനർഗേഹം പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (ബി) | പുനർഗേഹം പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഭവന സമുച്ചയ നിർമ്മാണത്തിന്റെ പൈലിങ്ങ് പ്രവർത്തികൾ പൂർത്തീകരിച്ച് വരുന്നു. 2024 സെപ്റ്റംബർ മാസം വരെയാണ് പൂർത്തീകരണ കാലാവധി. |
| (സി) | ഭൂമി ലഭിക്കേണ്ട ഗുണഭോക്താക്കൾക്ക് ആയവ വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ജില്ലാതല അപ്രൂവൽ കമ്മിറ്റി (DLAC) അംഗീകരിച്ച ഗുണഭോക്താക്കൾ വ്യക്തിഗത ഭവന നിർമ്മാണത്തിനായി സ്വന്തം നിലയിലാണ് ഭൂമി കണ്ടെത്തുന്നത്. ഭൂമി കണ്ടെത്തുന്നതിനു പ്രാദേശിക തലത്തിൽ ജനപ്രധിനിധികളുടെ സഹായവും ലഭ്യമാക്കിവരുന്നു. ഇപ്രകാരം കണ്ടെത്തുന്ന ഭൂമിയുടെ അനുയോജ്യത ഇന്റർ ഡിപ്പാർട്ട്മെന്റ് ടീം (Inter Department Team - IDT) പരിശോധിച്ച് ഉറപ്പു വരുത്തുന്നു. ഡിസ്ട്രിക്ട് ലെവൽ പർച്ചേസ് കമ്മിറ്റി (District Level Purchase Committee - DLPC) ചേർന്ന് ഭൂമി വില നിർണ്ണയം പൂർത്തിയാക്കി ഡിസ്ട്രിക്ട് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി (District Level Monitoring Committee - DLMC) അംഗീകാരത്തോടെയാണ് ഭൂമി വാങ്ങുന്നത്. പുനരധിവാസ പദ്ധതിയാകയാൽ പുനർഗേഹം |

| | | | |
|---|---|---|---|
| | | | പദ്ധതിയ്ക്ക് അടിയന്തിര പ്രാധാന്യം നൽകി ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല കമ്മിറ്റികൾ തുടർ നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചിട്ടുണ്ട്. സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുവാൻ സാധിക്കാത്ത ഗുണഭോക്താക്കൾക്ക് സർക്കാർ/സ്വകാര്യ ഭൂമി കണ്ടെത്തി ആയവയിൽ ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ